(സി&ഡി) പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതു സംബന്ധിച്ച് നിയോഗിച്ച സാങ്കേതിക സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

പോലീസിന്റെ പ്രവർത്തനം അവലോകനം ചെയ്യാൻ പ്രത്യേക ബോർഡ്

28 (*551) ശ്രീ. എൻ. ശക്തൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് പ്രത്യേക ബോർഡ് രൂപീകരിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) ഈ ബോർഡ് എന്നത്തേയ്ക്ക് രൂപീകരിക്കുമെന്നും ഇതിന്റെ ഘടന എന്തായിരിക്കുമെന്നും വ്യക്തമാക്കാമോ ;

(സി) ഇതിൽ അന്യദ്യോഗസ്ഥൻമാർ മാത്രമേ ഉണ്ടാകുകയുള്ളോ എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ബോർഡിന്റെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും എന്താണെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ-ഡി) പോലീസിന്റെ പൊതുവായ പ്രവർത്തനം വിലയിരുത്തുന്നതിനായി ഒരു സംവിധാനം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ രൂപം ആയിട്ടില്ല.

ബിൽഡിംഗ് റൂൾസ് ലംഘിച്ച് നിർമ്മിച്ച ഭവനങ്ങൾക്ക് നിയമസാധുത നൽകാൻ നടപടി

29 (*552) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പഞ്ചായത്ത് രാജ് നിയമപ്രകാരം ബിൽഡിംഗ് റൂൾസ് ലംഘിച്ച് നിർമ്മിച്ച ഭവനങ്ങൾക്ക് നിയമസാധുത നൽകാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) 3, 5, 10 സെന്റുകൾ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയിൽ പണിത വീടുകൾക്ക് ഇക്കാരണം കൊണ്ട് വീട്ടുനമ്പർ ബന്ധപ്പെട്ട പഞ്ചായത്തുകൾ നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവരുടെ പ്രശ്നത്തിന് പരിഹാരം കാണുവാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly